നം.WCD/E6/15789/2021


വനിതശിശു വികസന ഡയറക്ടറേറ്റ്
പൂജപ്പുര,തിരുവനന്തപുരം
തീയതി : 26.11.2021
Email:wcdestablishment2017@gmail.com
Phone: 0471 2346534


പരിപത്രം

വിഷയം: വനിത ശിശു വികസന വകുപ്പ്- ജീവനക്കാര്യം - പാർട്ട് ടൈം സ്വീപ്പർ തസ്തികയിലെ ജീവനക്കാരുടെ സേവനപുസ്തകം കൃത്യമായ രേഖപ്പെടുത്തലുകൾ വരുത്തി സൂക്ഷിക്കുന്നതുമായി ബന്ധപ്പെട്ട മാർഗ്ഗനിർദ്ദേശങ്ങൾ പുറപ്പെടുവിക്കുന്നത് സംബന്ധിച്ച് :-

സൂചന: ബഹു.ഡയറക്ടറുടെ നിർദ്ദേശം.

വകുപ്പിനു കീഴിൽ പാർട്ട് ടൈം സ്വീപ്പർ തസ്തികയിൽ സേവനമനുഷ്ഠിക്കുന്ന ജീവനക്കാരുടെ സേവനം ക്രമപ്പെടുത്തി വർഷങ്ങൾക്കുശേഷവും പ്രൊബേഷൻ ഡിക്ലയർ ചെയ്തിട്ടില്ലാത്തതായും ടി തസ്തികയിലെ ജീവനക്കാരുടെ സേവനപുസ്തകങ്ങളിൽ സർവ്വീസ് ക്രമപ്പെടുത്തൽ, നിരീക്ഷണകാലം പൂർത്തീകരിച്ചതായി പ്രഖ്യാപിക്കൽ, അഡീഷണൽ ഇൻക്രിമെന്റ് അനുവദിക്കൽ, പേ റിവിഷൻ പ്രകാരമുള്ള ശമ്പള നിർണ്ണയം തുടങ്ങിയവ സംബന്ധിച്ച് വ്യക്തവും കൃത്യവുമായ രേഖപ്പെടുത്തലുകൾ വരുത്തുന്നതിൽ കാര്യാലയമേധാവികൾ വീഴ്ച വരുത്തുന്നതായും ശ്രദ്ധയിൽപെട്ടിരിക്കുന്നു. ഈ സാഹചര്യത്തിൽ, എല്ലാ കാര്യാലയമേധാവികളും മേൽ തസ്തികയിലെ ജീവനക്കാരുടെ സേവനപുസ്തകങ്ങൾ കൃത്യമായരേഖപ്പെടുത്തലുകൾ വരുത്തി സൂക്ഷിക്കുന്നതിൽ ശ്രദ്ധിക്കേണ്ടതും സേവനം ക്രമപ്പെടുത്തി ഒരു വർഷത്തിനു ശേഷവും പ്രൊബേഷൻ ഡിക്ലയർ ചെയ്യാത്ത ജീവനക്കാരുടെ പ്രൊബേഷൻ ഡിക്ലയർ ചെയ്യുന്നതിനാവശ്യമായ തുടർനടപടി സ്വീകരിക്കേണ്ടതുമാണ്.

വനിത ശിശു വികസന ഡയറക്ടർക്കുവേണ്ടി